"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - റവന്യൂ റിക്കവറി - എറണാകുളം ജില്ലയിൽ, പറവൂർ താലൂക്കിൽ, പറവൂർ വില്ലേജിൽ, പറവൂത്തറ കരയിൽ, പാറശ്ശേരി വീട്ടിൽ ശ്രീ. പി. ആർ. കാന്തൻ എന്ന വ്യക്തിയിൽ നിന്നും സർക്കാർ ബോട്ട്-ഇൻ-ലാൻഡായി ഏറ്റെടുത്ത പറവൂർ വില്ലേജിൽപ്പെട്ട 78.845 സെന്റ് (31.9 ആർ) വസ്തു, ബഹു. ഹൈക്കോടതിയുടെ WP(C)9014/2022 & 14413/2022 നമ്പർ കേസിലെ 14.03.2023 തീയതിയിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക കക്ഷിക്ക് തിരികെ നൽകുന്നത് - സംബന്ധിച്ച്.

---

**റവന്യൂ (എസ്) വകുപ്പ്**

**സ.ഉ.(കൈ) നം.281/2023/RD തീയതി,തിരുവനന്തപുരം, 08-12-2023**

---

പരാമർശം:-

1. ശ്രീ. പി. ആർ. കാന്തൻ, പാറശ്ശേരി വീട്, പറവൂത്തറ കര, പറവൂർ, എറണാകുളം എന്ന വ്യക്തി നൽകിയ 06.12.2021 തീയതിയിലെ അപേക്ഷകൾ.
2. ബഹു. ഹൈക്കോടതിയുടെ WP(C)9014/2022 & 14413/2022 നമ്പർ കേസിന്റെ 14.03.2023 തീയതിയിലെ വിധിന്യായം.
3. എറണാകുളം ജില്ലാ കളക്ടറുടെ 25.01.2022, 21.03.2022, 02.04.2022, 02.05.2023, 08.06.2023, 08.11.2023 തീയതികളിലെ ബി1- 30003/99 നമ്പർ റിപ്പോർട്ടുകൾ.

**ഉത്തരവ്**

എറണാകുളം ജില്ലയിൽ, പറവൂർ താലൂക്കിൽ, പറവൂർ വില്ലേജിൽ, പറവൂത്തറ കരയിൽ, പാറശ്ശേരി വീട്ടിൽ ശ്രീ. പി. ആർ. കാന്തൻ എന്ന വ്യക്തിയിൽ നിന്നും വിൽപ്പന നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ടിയാന്റെ പേരിൽ പറവൂർ വില്ലേജിലെ സർവ്വെ നമ്പർ 346/2-1-ൽപ്പെട്ട 24.500 സെന്റ്, സർവ്വെ നമ്പർ 346/2-2-ൽപ്പെട്ട 04.317 സെന്റ്, സർവ്വെ നമ്പർ 346/2-3-ൽപ്പെട്ട 15.653 സെന്റ് ഉൾപ്പെടെ ആകെ 44.470 സെന്റ് വസ്തു ജപ്തി ചെയ്ത് ലേലം നടത്തിയെങ്കിലും, പ്രസ്തുത വസ്തു ലേലം കൊള്ളാൻ ആളില്ലാതിരുന്ന സാഹചര്യത്തിൽ ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസറുടെ ജെ. 464/04 നമ്പർ ഉത്തരവ് പ്രകാരം 15.01.2005-ൽ ബോട്ട്-ഇൻ-ലാൻഡാക്കി സർക്കാർ ഏറ്റെടുത്തിരുന്നു.

**2.** കൂടാതെ ടിയാന്റെ പേരിൽ പറവൂർ താലൂക്കിൽ വടക്കേക്കര വില്ലേജിലെ സർവ്വെ നമ്പർ 230/10 A2 ൽപ്പെട്ട 20.96 സെന്റ്, 230/10 A3 ൽപ്പെട്ട 0.280 സ്ക്വയർലിംഗ്സ് ഉൾപ്പെടെ 21.240 സെന്റ് വസ്തു ജപ്തി ചെയ്ത് ലേലം ചെയ്ത വകയിൽ 2,02,857/- (രണ്ട് ലക്ഷത്തി രണ്ടായിരത്തി എണ്ണൂറ്റി അൻപത്തിയേഴ് രൂപ മാത്രം) രൂപയും വിൽപ്പന നികുതിക്കുടിശ്ശികയിൽ വരവ് വച്ചിരുന്നു.

തുടർന്ന് കുടിശ്ശിക കക്ഷി 18.05.2019-ൽ വിൽപ്പന നികുതിയിനത്തിൽ ശേഷിച്ച തുക ഒടുക്കി കുടിശ്ശിക തീർപ്പാക്കിയിരുന്നു.

3. കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ശ്രീ. പി. ആർ. കാന്തൻ, ശ്രീ. വി. ആർ. വിജയകുമാർ എന്നിവരുടെ പേരിലുള്ള ജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ലേലം നടത്തിയ വകയിൽ ലഭിച്ച 29,090/- (ഇരുപത്തിയൊമ്പതിനായിരത്തി തൊണ്ണൂറ് രൂപ മാത്രം) രൂപ കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി കുടിശ്ശികയിൽ വകയിരുത്തിയിരുന്നു. ബാക്കി കുടിശ്ശിക ഈടാക്കുന്നതിനായി ശ്രീ. പി. ആർ. കാന്തന്റെ പേരിൽ പറവൂർ വില്ലേജ് സർവ്വെ നമ്പർ 345/10-2-ൽ പ്പെട്ട 32 സെന്റ്, സർവ്വെ നമ്പർ 328/1-1-ൽ പ്പെട്ട 2.375 സെന്റ് ഉൾപ്പെടെ ആകെ 34.375 സെന്റ് വസ്തു ജപ്തി ചെയ്ത് ലേലം നടത്തിയെങ്കിലും, ലേലം കൊള്ളാൻ ആളില്ലാതിരുന്ന സാഹചര്യത്തിൽ ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസറുടെ ജെ.6105/2003 നമ്പർ ഉത്തരവ് പ്രകാരം 04.06.2004-ൽ സർക്കാർ ബോട്ട്-ഇൻ-ലാൻ ഡാക്കി ഏറ്റെടുത്തിരുന്നു. തുടർന്ന് എറണാകുളം ജില്ലാ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ 24.09.2018-ലെ A5/RR/98-99/ALY/187-141 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കുടിശ്ശിക കക്ഷി 15.10.2018-ൽ പറവൂർ വില്ലേജ് ഓഫീസിൽ കുടിശ്ശികത്തുകയും, പലിശയും, മറ്റ് അനുബന്ധ ചെലവുകളും ഉൾപ്പെടെ ആകെ 37,17,572/- (മുപ്പത്തിയേഴ് ലക്ഷത്തി പതിനേഴായിരത്തി അഞ്ഞൂറ്റി എഴുപത്തിരണ്ട് രൂപ മാത്രം) രൂപ അടച്ച് കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി കുടിശ്ശിക പൂർണ്ണമായും അടവ് വരുത്തി തീർപ്പാക്കിയിരുന്നു.

4. ബോട്ട്-ഇൻ-ലാൻഡാക്കിയ ഭൂമി തിരികെ നൽകണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം ശ്രീ. പി. ആർ. കാന്തൻ സർക്കാരിൽ അപേക്ഷകൾ സമർപ്പിച്ചു. പ്രസ്തുത ആവശ്യം ഉന്നയിച്ചുകൊണ്ട് ശ്രീ. പി. ആർ. കാന്തൻ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 9014/2022 & 14413/2022 എന്നീ നമ്പർ കേസുകളുടെ പരാമർശം (2)-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 04.5.2023-ന് റവന്യൂ (എസ്) വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി അപേക്ഷകനെ നേരിൽ കേട്ടിരുന്നു.

5. ബഹു. ഹൈക്കോടതിയുടെ പരാമർശം (2)-ലെ വിധിന്യായപ്രകാരം ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിൽ, പറവൂർ താലൂക്കിൽ, പറവൂർ വില്ലേജിൽ, പറവൂത്തറ കരയിൽ, പാറശ്ശേരി വീട്ടിൽ ശ്രീ. പി. ആർ. കാന്തൻ എന്ന കക്ഷിയിൽ നിന്നും വിൽപ്പന നികുതി, കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി എന്നീയിനങ്ങളിലെ കുടിശ്ശിക ഈടാക്കുന്നതിനായി സർക്കാർ ബോട്ട്-ഇൻ-ലാൻഡായി ഏറ്റെടുത്ത പറവൂർ വില്ലേജിൽ സർവ്വെ നമ്പർ 346/2-1 ൽപ്പെട്ട 24.500 സെന്റ്, സർവ്വെ നമ്പർ 346/2-2 ൽപ്പെട്ട 04.317 സെന്റ്, സർവ്വെ നമ്പർ 346/2-3 ൽപ്പെട്ട 15.653 സെന്റ്, സർവ്വെ നമ്പർ 345/10-2 ൽപ്പെട്ട 32 സെന്റ്, സർവ്വെ നമ്പർ 328/1-1 ൽപ്പെട്ട 2.375 സെന്റ് ഉൾപ്പെടെ ആകെ 78.845 സെന്റ് (31.9 ആർ) വസ്തു, കുടിശ്ശികക്കാരൻ മുഴുവൻ കുടിശ്ശികയും ഒടുക്കുവരുത്തിയിട്ടുള്ളതിനാലും, ബഹു. ഹൈക്കോടതിയുടെ WP(C) 9014/2022 & 14413/2022 നമ്പർ കേസുകളുടെ 14.03.2023-ലെ തീയതിയിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും ഒരു പ്രത്യേക കേസായി പരിഗണിച്ച് കമ്പോള വില ഈടാക്കാതെ, അപേക്ഷകന്റെ സ്വന്തം ചെലവിൽ തിരികെ നൽകുന്നതിന് അനുമതി നൽകി

ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. എറണാകുളം ജില്ലാ കളക്ടർ ഇക്കാര്യത്തിൽ ബന്ധപ്പെട്ട രേഖകളുടെ ആധികാരികത പരിശോധിച്ച്, ഉറപ്പുവരുത്തി ആവശ്യമായ തുടർ നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

7 . ഇപ്രകാരം ബഹു. ഹൈക്കോടതിയുടെ WP(C) 9014/2022 & 14413/2022 നമ്പർ കേസുകളുടെ 14.03.2023-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

(1) ശ്രീ. പി. ആർ. കാന്തൻ, പാറശ്ശേരി വീട്, പറവൂത്തറ കര, പറവൂർ, എറണാകുളം.
(2) പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 1908 തീയതി: 06.12.2023 )
(3) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
(4) ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
(5) ജില്ലാ കളക്ടർ, എറണാകുളം.
(6) റവന്യൂ ഡിവിഷണൽ ഓഫീസർ, ഫോർട്ട് കൊച്ചി.
(7) തഹസിൽദാർ (ആർ.ആർ), പറവൂർ, എറണാകുളം.
(8) വില്ലേജ് ഓഫീസർ, പറവൂർ, എറണാകുളം.
(9) നിയമ വകുപ്പ് (ST-12/7/2022-LAW dated: 07.04.2022)
(10) ധനകാര്യ വകുപ്പ് (No.Exp-A1/221/2022/Fin-(502818) dated: 06.05.2022)
(11) ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
(12) ഓഫീസ് കോപ്പി /കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Jayalekshmi A C
Date: 08-12-2023 15:09:14
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. റവന്യൂ- ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്
റവന്യൂ (എസ്) വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി. എ. യ്ക്ക്
റവന്യൂ (എസ്) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിക്ക്.

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 06-12-2023

ഫയൽ നം. റവ-എസ്1/50/2017-റവ.

ഇനം നം: 1908

വിഷയം : റവന്യൂ വകുപ്പ് - സർക്കാർ ബോട്ട്-ഇൻ-ലാൻഡാക്കിയ എറണാകുളം ജില്ലയിൽ, പറവൂർ താലൂക്കിൽ, പറവൂർ വില്ലേജിൽപ്പെട്ട 78.845 സെന്റ് (31.9 ആർ) വസ്തു, മുഴുവൻ കുടിശ്ശികത്തുകയും കുടിശ്ശിക കക്ഷി ഒടുക്കുവരുത്തിയിട്ടുള്ളതിനാലും, ബഹു. ഹൈക്കോടതിയുടെ WP(C)9014/2022 നമ്പർ കേസിലെ 14.03.2023 തീയതിയിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും, ഒരു പ്രത്യേക കേസായി പരിഗണിച്ച്, ഭൂമിയുടെ കമ്പോളവില ഈടാക്കാതെ ശ്രീ. പി. ആർ. കാന്തന് തിരികെ നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്

6/12

1908

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | റവ-എസ്1/50/2017/റവ |
| 2 | വകുപ്പ് | റവന്യൂ (എസ്)വകുപ്പ്. |
| 3 | വിഷയം | സർക്കാർ ബോട്ട്-ഇൻ-ലാൻഡാക്കിയ എറണാകുളം ജില്ലയിൽ, പറവൂർ താലൂക്കിൽ, പറവൂർ വില്ലേജിൽപ്പെട്ട 78.845 സെന്റ് (31.9 ആർ) വസ്തു, മുഴുവൻ കുടിശ്ശികത്തുകയും കുടിശ്ശിക കക്ഷി ഒടുക്കുവരുത്തിയിട്ടുള്ളതിനാലും, ബഹു. ഹൈക്കോടതിയുടെ WP(C)9014/2022 നമ്പർ കേസിലെ 14.03.2023 തീയതിയിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും, ഒരു പ്രത്യേക കേസായി പരിഗണിച്ച്, ഭൂമിയുടെ കമ്പോള വില ഈടാക്കാതെ ശ്രീ. പി. ആർ. കാന്തന് തിരികെ നൽകുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 27.08.2023 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യത-യുള്ളതാണോ? | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. നിയമവകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ഗോപകുമാർ ആർ. എൽ. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി. | 17.11.2023 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വേണു വി. |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 23.11.2023 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 25.11.2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 27.11.2023 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

എറണാകുളം ജില്ലയിൽ, പറവൂർ താലൂക്കിൽ, പറവൂർ വില്ലേജിൽ, പറവൂത്തറ കരയിൽ, പാറശ്ശേരി വീട്ടിൽ ശ്രീ. പി.ആർ. കാന്തൻ എന്ന കക്ഷിയിൽ നിന്നും വിൽപ്പന നികുതി, കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി എന്നീയിനങ്ങളിലെ കുടിശ്ശികത്തുക ഈടാക്കുന്നതിനായി സർക്കാർ ബോട്ട്-ഇൻ-ലാൻഡായി ഏറ്റെടുത്ത പറവൂർ വില്ലേജിലെ സർവ്വെ നമ്പർ 346/2-1 ൽപ്പെട്ട 24.500 സെന്റ്, സർവ്വെ നമ്പർ 346/2-2 ൽപ്പെട്ട 04.317 സെന്റ്, സർവ്വെ നമ്പർ 346/2-3 ൽപ്പെട്ട 15.653 സെന്റ്, സർവ്വെ നമ്പർ 345/10-2 ൽപ്പെട്ട 32 സെന്റ്, സർവ്വെ നമ്പർ 328/1-1 ൽപ്പെട്ട 2.375 സെന്റ് ഉൾപ്പെടെ ആകെ 78.845 സെന്റ് (31.9 ആർ) വസ്തു, മുഴുവൻ കുടിശ്ശികത്തുകയും കുടിശ്ശിക കക്ഷി ഒടുക്കുവരുത്തിയിട്ടുള്ളതിനാലും, ബഹു.ഹൈക്കോടതിയുടെ WP(C)9014/2022 നമ്പർ കേസിലെ 14.03.2023-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും ടിയാന് തിരികെ നൽകുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

**2.** പ്രസ്തുത വിഷയത്തിൽ ഉൾപ്പെട്ടിട്ടുള്ള കുടിശ്ശികകൾ :

(i) ശ്രീ. പി. ആർ. കാന്തന്റെ പേരിലുള്ള 3,54,251/- (മൂന്ന് ലക്ഷത്തി അമ്പത്തിനാലായിരത്തി ഇരുന്നൂറ്റി അൻപത്തിയൊന്ന് രൂപ മാത്രം) രൂപയുടെ വിൽപ്പന നികുതി കുടിശ്ശിക.

(ii) ശ്രീ. പി. ആർ. കാന്തൻ, ശ്രീ. വി. ആർ. വിജയകുമാർ എന്നിവരുടെ പേരിലുള്ള 20,81,071/- (ഇരുപത് ലക്ഷത്തി എൺപത്തിയൊന്നായിരത്തി എഴുപത്തി ഒന്ന് രൂപ മാത്രം) രൂപയുടെ കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി കുടിശ്ശിക.

**3.** കുടിശ്ശികകൾ ഈടാക്കുന്നതിന് കൈക്കൊണ്ട നടപടികൾ :

(i) വിൽപ്പന നികുതി കുടിശ്ശിക :

വിൽപ്പന നികുതി കുടിശ്ശിക ഈടാക്കുന്നതിനെതിരെ ശ്രീ. പി. ആർ. കാന്തൻ സർക്കാരിൽ അപ്പീൽ സമർപ്പിക്കുകയും, ഗഡുക്കളായി തുക അടയ്ക്കുവാൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 9544/- (ഒൻപതിനായിരത്തി അഞ്ഞൂറ്റിനാൽപ്പത്തിനാല് രൂപ മാത്രം) രൂപ ഒടുക്കുകയും ചെയ്തിരുന്നു. തവണവ്യവസ്ഥകൾ ലംഘിച്ചതിനെത്തുടർന്ന് വിൽപ്പന നികുതിയിനത്തിലെ ബാക്കി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ശ്രീ. പി. ആർ. കാന്തന്റെ പേരിൽ പറവൂർ വില്ലേജിലെ സർവ്വെ നമ്പർ 346/2-1 ൽപ്പെട്ട 24.500 സെന്റ്, സർവ്വെ നമ്പർ 346/2-2 ൽപ്പെട്ട 04.317 സെന്റ്, സർവ്വെ നമ്പർ 346/2-3 ൽപ്പെട്ട 15.653 സെന്റ് ഉൾപ്പെടെ ആകെ 44.470 സെന്റ് വസ്തു ജപ്തി ചെയ്ത് ലേലം നടത്തിയെങ്കിലും, ലേലം കൊള്ളാൻ ആളില്ലാതിരുന്ന സാഹചര്യത്തിൽ ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസറുടെ 464/04 നമ്പർ ഉത്തരവ് പ്രകാരം 15.01.2005-ൽ പ്രസ്തുത വസ്തു ബോട്ട്-ഇൻ-ലാൻഡാക്കി സർക്കാർ ഏറ്റെടുത്തിരുന്നു. കൂടാതെ ടിയാന്റെ പേരിൽ പറവൂർ താലൂക്കിൽ വടക്കേക്കര വില്ലേജിലെ സർവ്വെ നമ്പർ 230/10 A2 ൽപ്പെട്ട 20.96 സെന്റ്, 230/10 A3 ൽപ്പെട്ട 0.280 സ്ക്വയർലിംഗ്സ് ഉൾപ്പെടെ 21.240 സെന്റ് വസ്തു ജപ്തി ചെയ്ത് ലേലം ചെയ്ത വകയിൽ 2,02,857/- (രണ്ട് ലക്ഷത്തി രണ്ടായിരത്തി എണ്ണൂറ്റി അൻപത്തിയേഴ് രൂപ മാത്രം) രൂപയും വിൽപ്പന നികുതിക്കുടിശ്ശികയിൽ വരവ് വച്ചിരുന്നു. **വിൽപ്പന നികുതിയിനത്തിൽ ശേഷിച്ച കുടിശ്ശിക 18.05.2019-ൽ കക്ഷി അടച്ച് തീർത്തിട്ടുണ്ട്.**

(ii) കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി കുടിശ്ശിക :

കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി കുടിശ്ശികത്തുക ഈടാക്കുന്നതിനായി ശ്രീ. പി. ആർ. കാന്തൻ, ശ്രീ. വി. ആർ. വിജയകുമാർ എന്നിവരുടെ പേരിലുള്ള ജംഗമ വസ്തുക്കൾ ജപ്തി ചെയ്തിരുന്നു. പ്രസ്തുത ജംഗമവസ്തു ലേലം നടത്തിയ വകയിൽ ലഭിച്ച 29,090/- (ഇരുപത്തിയൊമ്പതിനായിരത്തി തൊണ്ണൂറ് രൂപ മാത്രം) രൂപ കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി കുടിശ്ശികയിൽ വകയിരുത്തിയിരുന്നു. ബാക്കി കുടിശ്ശിക ഈടാക്കുന്നതിനായി ശ്രീ. പി. ആർ. കാന്തന്റെ പേരിൽ പറവൂർ വില്ലേജ്, സർവ്വെ നമ്പർ 345/10-2 ൽ പ്പെട്ട 32 സെന്റ്, സർവ്വെ നമ്പർ 328/1-1 ൽ പ്പെട്ട 2.375 സെന്റ് ഉൾപ്പെടെ ആകെ 34.375 സെന്റ് വസ്തു ജപ്തി ചെയ്യുകയുണ്ടായി. പ്രസ്തുത വസ്തു ലേലം കൊള്ളാൻ ആളില്ലാതിരുന്ന സാഹചര്യത്തിൽ ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസറുടെ 6105/2003 നമ്പർ ഉത്തരവ് പ്രകാരം 04.06.2004-ൽ സർക്കാർ ബോട്ട്-ഇൻ-ലാൻഡാക്കി ഏറ്റെടുത്തിട്ടുള്ളതുമാണ്. എറണാകുളം ജില്ലാ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ 24.9.2018-ലെ A5/RR/98-99/ALY/187-141 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കുടിശ്ശികക്കാരൻ 15.10.2018-ൽ പറവൂർ വില്ലേജ് ഓഫീസിൽ കുടിശ്ശികത്തുകയും, പലിശയും, മറ്റു അനുബന്ധ ചെലവുകളും ഉൾപ്പെടെ ആകെ 37,17,572/- (മുപ്പത്തിയേഴ് ലക്ഷത്തി പതിനേഴായിരത്തി അഞ്ഞൂറ്റി എഴുപത്തിരണ്ട് രൂപ മാത്രം) രൂപ അടച്ച് **കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി കുടിശ്ശിക പൂർണ്ണമായും അടവ് വരുത്തിയിട്ടുണ്ട്**.

**4.** ബോട്ട്-ഇൻ-ലാൻഡാക്കിയ ഭൂമി തിരികെ നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. പി. ആർ. കാന്തൻ 06.12.2021-ൽ സർക്കാരിൽ അപേക്ഷകൾ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷകൾ അടിയന്തരമായി പരിഗണിക്കുവാൻ നിർദ്ദേശം നൽകണമെന്ന ആവശ്യം ഉന്നയിച്ച് ബഹു കേരള ഹൈക്കോടതി മുമ്പാകെ WP(C)9014/2022 നമ്പരായി കേസും ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിന്റെ 14.03.2023 തീയതിയിലെ അന്തിമ വിധിന്യായത്തിൽ അപേക്ഷകന് നേർകാഴ്ച നൽകി 2 മാസത്തിനകം ടിയാൻ സമർപ്പിച്ച അപേക്ഷകൾ തീർപ്പാക്കണമെന്ന് ബഹു. കോടതി ഉത്തരവായിരുന്നു. മേൽ വിധിന്യായം നടപ്പിലാക്കുന്നതിന് മൂന്ന് മാസത്തെ സമയം അനുവദിച്ച് നൽകണമെന്നാവശ്യപ്പെട്ട് സർക്കാർ ബഹു. ഹൈക്കോടതി മുമ്പാകെ time extension petition ഫയൽ ചെയ്തിരുന്നു.

**5.** പ്രസ്തുത വിഷയത്തിൽ നിയമവകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി:

*" This file has been forwarded seeking opinion regarding re conveyance or return of bought in land on which the entire amount has already been paid. It is seen in the note file of AD that the petitioner has paid the entire amount of dues.The amount has been accepted by the sale tax officer. It was after five years from the date on which the land became bought in land .As per G O (Ms) 76/2013/REV bought in land cannot be returned after five years, but in this case the sale tax officer accepted the amount after five years and issued certificate. The general principle that one*

*cannot aprobate and reprobate ,ie after accepting the amount one cannot say that there is delay and cannot return the property.*

*From this it is clear that AD shall return the property because the amount has already been accepted by the sale tax officer."*

**6.** ഈ വിഷയത്തിലുള്ള ധനകാര്യവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു:

*" സർക്കാർ ബോട്ട് ഇൻ ലാൻഡാക്കിയ 78.845 സെന്റ് ഭൂമി ശ്രീ. പി. ആർ. കാന്തന് തിരികെ നൽകുന്ന വിഷയത്തിൽ ടിയാനെ നേരിൽ കേട്ടതിനു ശേഷം നിയമവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും WP(C)No.9014/2022 ഫയൽ ചെയ്ത കേസിലെ 14.03.2023-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും ഭരണവകുപ്പിനു തന്നെ ഉചിതമായ തീരുമാനമെടുക്കാവുന്നതാണെന്നു അറിയിക്കുന്നു."*

**7.** ബഹു. കേരള ഹൈക്കോടതിയുടെ WP(C)9014/2022 നമ്പർ കേസിന്റെ 14.03.2023-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 04.5.2023 ന് റവന്യൂ (എസ്) വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി അപേക്ഷകനെ നേരിൽ കേട്ടിരുന്നു. കുടിശ്ശികത്തുക മുഴുവൻ അടച്ച് തീർത്ത സാഹചര്യത്തിൽ സർക്കാർ ഏറ്റെടുത്ത് ബോട്ട്-ഇൻ-ലാൻഡാക്കിയ ഭൂമി തിരികെ നൽകണമെന്ന് അപേക്ഷകൻ അഭ്യർത്ഥിച്ചു. ബോട്ട് ഇൻ ലാൻഡ് ഭൂമി തിരികെ നൽകുന്നത് സംബന്ധിച്ച് നിലവിലുള്ള 01.03.2013-ലെ സ.ഉ(എം.എസ്) നം.76/2013/റവ നമ്പർ ഉത്തരവിൽ ലേല സ്ഥിരീകരണത്തീയതി മുതൽ 5 വർഷത്തിനുശേഷം അപേക്ഷിക്കുന്ന ആർക്കും തന്നെ ബോട്ട് ഇൻ ലാൻഡ് ഭൂമി തിരികെ നൽകേണ്ടതില്ലെന്ന്

നിർദ്ദേശിച്ചിട്ടുണ്ട്. ടി കേസിൽ അപേക്ഷകൻ തുക അടവുവരുത്തിയിട്ടുള്ളതും അപേക്ഷ സമർപ്പിച്ചിട്ടുള്ളതും നിഷ്കർഷിക്കപ്പെട്ട കാലയളവായ 5 വർഷത്തിന് ശേഷമാണ്.

**8.** ബോട്ട് – ഇൻ– ലാൻഡാക്കിയ 78.845 സെന്റ് (31.9 ആർ) വസ്തുവിന് 1,31,39,280/- രൂപ (ഒരു കോടി മുപ്പത്തിയൊന്ന് ലക്ഷത്തി മുപ്പത്തി ഒൻപതിനായിരത്തി ഇരുന്നൂറ്റി എൺപത് രൂപ മാത്രം) രൂപ കമ്പോള വില കണക്കാക്കാവുന്നതാണെന്നും അപേക്ഷകനായ ശ്രീ. പി. ആർ. കാന്തൻ ഒരു ബാറിന്റെ പാർട്ട്ണർ ആണെന്നും, കമ്പോള വില അടയ്ക്കുന്നതിന് നിലവിൽ സാമ്പത്തിക സ്ഥിതിയുണ്ടെന്നും എറണാകുളം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ബോട്ട്-ഇൻ-ലാൻഡ് വസ്തുവിൽ നിന്നും കുടിയേറ്റ തൊഴിലാളി ക്ഷേമനിധി പദ്ധതിക്കായി 21.12.2013-ലെ സ.ഉ(സാധാ)നം.2067/2013/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച 12.95 ആർ വസ്തു, തൊഴിൽ വകുപ്പ് നാളിതുവരെ ഏറ്റെടുത്തിട്ടില്ലെന്നും, പ്രസ്തുത വസ്തുവിന്മേൽ ക്രയവിക്രയങ്ങൾ നടന്നിട്ടില്ലെന്നും എറണാകുളം ജില്ലാകളക്ടറും, തൊഴിലും നൈപുണ്യവും (ഇ) വകുപ്പും അറിയിച്ചിട്ടുണ്ട്.

**9.** ഈ സാഹചര്യത്തിൽ കുടിശ്ശിക കക്ഷിയായ ശ്രീ. പി.ആർ. കാന്തൻ വിൽപ്പന നികുതി, കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി എന്നീയിനങ്ങളിലെ കുടിശ്ശികത്തുക മുഴുവൻ ഒടുക്കുവരുത്തിയിട്ടുള്ളതിനാലും; ബഹു. കേരള ഹൈക്കോടതിയുടെ WP(C)9014/2022 നമ്പർ കേസിന്റെ 14.03.2023-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലും; സർക്കാർ ബോട്ട്-ഇൻ-ലാൻഡായി ഏറ്റെടുത്ത പറവൂർ വില്ലേജിൽ സർവ്വെ നമ്പർ 346/2-1 ൽപ്പെട്ട 24.500 സെന്റ്, സർവ്വെ നമ്പർ 346/2-2 ൽപ്പെട്ട 04.317 സെന്റ്, സർവ്വെ നമ്പർ 346/2-3 ൽപ്പെട്ട

15.653 സെന്റ്, സർവ്വെ നമ്പർ 345/10-2 ൽപ്പെട്ട 32 സെന്റ്, സർവ്വെ നമ്പർ 328/1-1 ൽപ്പെട്ട 2.375 സെന്റ് ഉൾപ്പെടെ ആകെ 78.845 സെന്റ് (31.9 ആർ) വസ്തു കമ്പോള വില വാങ്ങാതെ ടിയാൾക്ക് തിരികെ നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ, വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**10.** തുടർന്ന് മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പുകൾ അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ ചീഫ് സെക്രട്ടറി താഴെപ്പറയും പ്രകാരം ഉത്തരവ് രേഖപ്പെടുത്തി.

" അപേക്ഷകനായ കാന്തൻ ഒരു ബാറിന്റെ പാർട്ണറാണെന്നും കമ്പോളവില അടയ്ക്കുന്നതിന് നിലവിൽ സാമ്പത്തികസ്ഥിതിയുണ്ടെന്നും കമ്പോളവില അടയ്ക്കാൻ തയ്യാറാണോ അല്ലയോ എന്ന കാര്യത്തിൽ വക്കീലുമായി ആലോചിച്ച് സത്യവാങ്മൂലം നൽകാമെന്ന് അറിയിച്ചിരുന്നെങ്കിലും ആയത് നൽകിയിട്ടില്ലെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ കുറിപ്പിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ആയതിനാൽ അപേക്ഷകൻ കമ്പോളവില അടയ്ക്കാൻ തയ്യാറാണോ എന്ന കാര്യത്തിൽ വ്യക്തത വരുത്തി അക്കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി കരട് കുറിപ്പുകൾ ഭേദഗതി വരുത്തി സമർപ്പിക്കേണ്ടതും വിധി നടപ്പിലാക്കുന്നതിന് സമയം ദീർഘിപ്പിച്ചു നൽകുന്നതിന് ബഹു. ഹൈക്കോടതി മുൻപാകെ അപേക്ഷ സമർപ്പിക്കേണ്ടതുമാണ്."

**11.** ആയതിന്റെ അടിസ്ഥാനത്തിൽ 14.03.2023-ലെ വിധിന്യായം നടപ്പിലാക്കുന്നതിന് രണ്ട് മാസത്തെ സമയം കൂടി അനുവദിച്ച് നൽകണമെന്നാവശ്യപ്പെട്ട് സർക്കാർ ബഹു. ഹൈക്കോടതി മുമ്പാകെ time

extension petition ഫയൽ ചെയ്തിട്ടുണ്ട്. തുടർന്ന് അപേക്ഷകൻ കമ്പോള വില അടയ്ക്കാൻ തയ്യാറാണോ എന്ന കാര്യത്തിൽ എറണാകുളം ജില്ലാ കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർക്കാരിലേക്ക് അടയ്ക്കേണ്ട തുക മുഴുവൻ അടച്ച് തീർത്തത് പരിഗണിച്ച് കമ്പോള വില ഈടാക്കാതെ ബോട്ട് - ഇൻ - ലാൻഡ് ഭൂമി തിരികെ നൽകണമെന്ന് അറിയിച്ച് ശ്രീ. കാന്തൻ സമർപ്പിച്ച അപേക്ഷ ജില്ലാ കളക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

12. കൂടാതെ കമ്പോള വില ഈടാക്കാതെ ബോട്ട്-ഇൻ-ലാൻഡാക്കിയ ഭൂമി തിരികെ നൽകുന്നതുമായി ബന്ധപ്പെട്ട സമാനമായ കേസിൽ (റവന്യൂ (എച്ച്) വകുപ്പിന്റെ റവ-എച്ച്2/172/2020-റവ നമ്പർ ഫയൽ) അപേക്ഷകൻ ആംനസ്റ്റി പദ്ധതി പ്രകാരം കടിശ്ശിക അടച്ചു തീർത്തിട്ടുള്ളതിനാൽ ബോട്ട് - ഇൻ - ലാൻഡ് തിരികെ നൽകുന്നത് സർക്കാരിന്റെ ബാധ്യതയാണെന്ന് അറിയിച്ച് കമ്പോളവില ഈടാക്കാതെ തന്നെ ഭൂമി തിരികെ നൽകേണ്ടതാണെന്ന അഭിപ്രായം നിയമ വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

13. ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിഷയം മന്ത്രിസഭായോഗം മുൻപാകെ സമർപ്പിക്കേണ്ടതുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

എറണാകുളം ജില്ലയിൽ, പറവൂർ താലൂക്കിൽ, പറവൂർ വില്ലേജിൽ, പറവൂത്തറ കരയിൽ, പാറശ്ശേരി വീട്ടിൽ ശ്രീ. പി.ആർ. കാന്തൻ എന്ന കക്ഷിയിൽ നിന്നും വിൽപ്പന നികുതി, കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി എന്നീയിനങ്ങളിലെ കുടിശ്ശിക ഈടാക്കുന്നതിനായി സർക്കാർ ബോട്ട്-ഇൻ-ലാൻഡായി ഏറ്റെടുത്ത പറവൂർ വില്ലേജിൽ സർവ്വെ നമ്പർ 346/2-1 ൽപ്പെട്ട 24.500 സെന്റ്, സർവ്വെ

നമ്പർ 346/2-2 ൽപ്പെട്ട 04.317 സെന്റ്, സർവ്വെ നമ്പർ 346/2-3 ൽപ്പെട്ട 15.653 സെന്റ്, സർവ്വെ നമ്പർ 345/10-2 ൽപ്പെട്ട 32 സെന്റ്, സർവ്വെ നമ്പർ 328/1-1 ൽപ്പെട്ട 2.375 സെന്റ് ഉൾപ്പെടെ ആകെ 78.845 സെന്റ് (31.9 ആർ) വസ്തു, വിൽപ്പന സ്ഥിരീകരിച്ച തീയതി മുതൽ 5 വർഷത്തിനുശേഷം ബോട്ട് ഇൻ ലാൻഡ് വസ്തു തിരികെ നൽകുവാൻ വ്യവസ്ഥയില്ലെങ്കിലും, കുടിശ്ശികക്കാരൻ മുഴുവൻ കുടിശ്ശികയും ഒടുക്കുവരുത്തിയിട്ടുള്ളതിനാലും, ബഹു.ഹൈക്കോടതിയുടെ WP(C)9014/2022 നമ്പർ കേസിലെ 14.03.2023-ലെ തീയതിയിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും ഒരു പ്രത്യേക കേസായി പരിഗണിച്ച്, അപേക്ഷകന്റെ സ്വന്തം ചെലവിൽ ഭൂമിയുടെ കമ്പോള വില ഈടാക്കാതെ തിരികെ നൽകാമോ?

1130
1/3/13

# കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - റവന്യൂ റിക്കവറി - ബോട്ട്-ഇൻ-ലാൻറ് തിരികെ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ - പുതുക്കി നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (എച്ച്) വകുപ്പ്

സ.ഉ. (എം.എസ്) നമ്പർ. 76/13 /റവ. തിരുവനന്തപുരം, തീയതി: 01-03-2013.

പരാമർശം:- 1) സ.ഉ.(എം.എസ്) നം.578/റവ തീയതി 30-06-1965.
2) സ.ഉ.(എം.എസ്) നം.88/68/റവ തീയതി 09-02-1968.

## ഉത്തരവ്

പരാമർശം ഒന്നിലെയും രണ്ടിലെയും സർക്കാർ ഉത്തരവുകൾ പ്രകാരം, സർക്കാർ ബോട്ട്-ഇൻ-ലാൻറ് ആക്കി മാറ്റി ലേലം ഉറപ്പിച്ച ശേഷം രണ്ടു വർഷത്തിനകം മുഴുവൻ കുടിശ്ശികയും ഭൂമി ഏറ്റെടുത്ത നാൾ മുതൽ തിരികെ കൊടുക്കുന്നതു വരെയുള്ള ഭൂനികുതിയും, പലിശയും, കളക്ഷൻ ചാർജ്ജും മറ്റു ചെലവുകളും അടച്ചു തീർത്ത് അപേക്ഷിക്കുന്ന യഥാർത്ഥ ഉടമസ്ഥനോ, നിയമപരമായ അവകാശികൾക്കോ ഭൂമി തിരികെ കൊടുക്കാവുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു.

എന്നാൽ നിശ്ചിത കാലപരിധിയായ 2 വർഷത്തിനു ശേഷവും ബോട്ട്-ഇൻ-ലാൻറ് തിരികെ നൽകണം എന്നാവശ്യപ്പെട്ടുകൊണ്ടുള്ള ധാരാളം അപേക്ഷകൾ സർക്കാരിലേക്ക് ലഭിക്കുന്നുണ്ട്.

പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് ബോട്ട്-ഇൻ-ലാൻറ് തിരികെ നൽകുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ താഴെ പറയും പ്രകാരം പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ഭൂമി സർക്കാർ വാങ്ങിയ (bought-in) തീയതിമുതൽ രണ്ട് വർഷത്തിനുള്ളിൽ മുഴുവൻ കുടിശ്ശിക, കുടിശ്ശിക അടയ്ക്കുന്നതു വരെയുള്ള പലിശ, കളക്ഷൻ ചാർജ്ജ് എന്നിവ അടച്ച് തീർത്ത് അപേക്ഷിക്കുന്ന വർക്ക് ഭൂമി തിരികെ നൽകാവുന്നതാണ്.

ii) 2 വർഷത്തിനുശേഷം, 5 വർഷത്തിനകം കുടിശ്ശിക, പലിശ, കളക്ഷൻ ചാർജ്ജ് എന്നിവ അടച്ച ശേഷം അപേക്ഷിക്കുന്ന ഭൂരഹിതരായവർക്ക് 25 സെൻറ് സ്ഥലം വരെ തിരികെ

നൽകാവുന്നതാണ്. ഭൂരഹിതരായവർക്ക് 25 സെൻറിൽ കൂടുതൽ സ്ഥലം തിരികെ വേണമെന്നുണ്ടെങ്കിൽ മുഴുവൻ കുടിശ്ശിക, പലിശ, കളക്ഷൻ ചാർജ്ജ് എന്നിവ കൂടാതെ മുഴുവൻ സ്ഥലത്തിൻെറയും കമ്പോളവില കൂടി അടച്ചാൽ 1 ഏക്കർ സ്ഥലം വരെ തിരികെ നൽകാവുന്നതാണ്.

iii) 2 വർഷത്തിനു ശേഷം 5 വർഷത്തിനകം അപേക്ഷിക്കുന്ന സ്വന്തമായി ഭൂമിയുള്ളവർക്ക് മുഴുവൻ കുടിശ്ശിക, പലിശ, കളക്ഷൻ ചാർജ്ജ് എന്നിവ കൂടാതെ ഭൂമിയുടെ കമ്പോളവില കൂടി അടച്ചാൽ 1 ഏക്കർ ഭൂമി വരെ തിരികെ നൽകാവുന്നതാണ്.

iv) 5 വർഷത്തിനുശേഷം അപേക്ഷിക്കുന്ന ആർക്കും തന്നെ ബോട്ട്-ഇൻ- ലാൻറ് തിരികെ നൽകേണ്ടതില്ല.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

റ്റി.ഒ. സൂരജ്
സെക്രട്ടറി (ഇൻ ചാർജ്ജ് )

1) ലാൻറ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം..
2) എല്ലാ ജില്ലാ കളക്ടർമാർക്കും
3) അക്കൗണ്ടൻറ് ജനറൽ (എ & ഇ/ ഓഡിറ്റ്), തിരുവനന്തപുരം.
4) രജിസ്ട്രാർ, കേരളഹൈക്കോടതി } (ആമുഖ കത്തു സഹിതം)
5) സെക്രട്ടറി, കേരളനിയമസഭ
6) പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം പ്രകാരം)
7) വിവര പൊതുജനസമ്പർക്ക വകുപ്പ്
8) ഡയറക്ടർ, വെബ് &ന്യൂ മീഡിയ ഡിവിഷൻ
വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
9) ധനകാര്യ വകുപ്പ്
10) റവന്യൂ (എസ്സ്) വകുപ്പ്
11) ഓഫീസ് കോപ്പി 12) സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം അയയ്ക്കുന്നത്

സെക്ഷൻ ആഫീസർ

കേരള സർക്കാർ

സംഗ്രഹം

തൊഴിലും പുനരധിവാസവും വകുപ്പ് - കുടിയേറ്റ തൊഴിലാളി ക്ഷേമനിധി പദ്ധതി - സ്ഥലം ഏറ്റെടുക്കുന്നതിന് ഭവനം പദ്ധതിയുടെ സ്പെഷ്യൽ ഓഫീസറെയും & അഡ്വൈസറെയും ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

സ. ഉ. ( സാധാ) 2067/2013/ തൊഴിൽ                തിരുവനന്തപുരം, തീയതി, 21.12.2013.

---

പരാമർശം:- (1) 23.10.2013 ലെ സ.ഉ (സാധാ) 1800/2013/തൊഴിൽ നമ്പർ ഉത്തരവ്.

(2) 05.11.2013 ല കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡുമായി നടത്തിയ യോഗത്തിൻെറ നടപടിക്കുറിപ്പ്.

(3) 25.11.2013 ൽ ചേർന്ന കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൻെറ 541-ാമത് ബോർഡ് യോഗതീരുമാനം.

<u>ഉത്തരവ്</u>

കുടിയേറ്റ തൊഴിലാളികളുടെ പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിനായി ഭൂമി വാങ്ങുന്നതിന് ഭരണാനുമതി നൽകിക്കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. അതിനു തുടർച്ചയായി 05.11.2013 ൽ ചേർന്ന യോഗത്തിൽ, ആവശ്യമായ ഭൂമി തങ്ങളുടെ പക്കൽ ലഭ്യമാണ് എന്ന് കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിക്കുകയുണ്ടായി. ടി പദ്ധതിയ്ക്കുവേണ്ടി കൈമാറ്റം ചെയ്യുന്ന വസ്തുക്കളിന്മേൽ നിയമാനുസരണമുള്ള മുതലും പലിശയും പിഴപലിശയും ഉൾപ്പെടെയുള്ള തുക സർക്കാരിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് ടി വസ്തുക്കളെ സർക്കാരിലേയ്ക്ക് കൈമാറാവുന്നതാണ് എന്ന് 25.11.2013 ന് ചേർന്ന കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൻെറ 541-ാമത് ബോർഡ് യോഗം തീരുമാനമെടുത്തിട്ടുള്ള വിവരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടിയേറ്റ തൊഴിലാളികളുടെ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനോ, ഭവനം പദ്ധതിയുമായി ബന്ധപ്പെട്ട് ഉപയോഗിക്കുന്നതിനോ താഴെപ്പറയുന്ന സ്ഥലങ്ങൾ ഏറ്റെടുക്കാവുന്നതാണ് എന്ന് തീരുമാനമാകുകയും ചെയ്തു.

| | |
|---|---|
| കഴക്കൂട്ടം | - 45 സെൻറ് |
| പരവൂർ | - 34 സെൻറ് |
| കരിപ്പൂർ | - 2.34 ഏക്കർ |
| മൂവാറ്റുപുഴ | - 1.61 ഏക്കർ |
| കൊടുങ്ങല്ലൂർ | - 1.64 ഏക്കർ |
| വെഞ്ഞാറമ്മൂട് | - 3.95 ഏക്കർ |

പ്രസ്തുത സ്ഥലങ്ങളിൽ യോഗ്യമായവ തെരഞ്ഞെടുത്ത് കുടിയേറ്റ തൊഴിലാളി പുനരധിവാസത്തിനും (ഭവനം പദ്ധതി) വേണ്ടി ഉപയോഗിക്കുന്നതിനും ബാക്കിയുള്ളവ തോട്ടം തൊഴിലാളി പുനരധിവാസത്തിനും അതിൻെറ നിശ്ചിത തുക കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകുന്നതിനും, സ്ഥലം ഏറ്റെടുക്കുന്നതിനും 'ഭവനം' പദ്ധതിയുടെ സ്പെഷ്യൽ ഓഫീസറെയും അഡ്വൈസറെയും ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടു-

...ിക്കുന്നു. പ്രസ്തുത നടപടികൾ 'നൈപുണ്യം ഉച്ചകോടി" ആരംഭിക്കുന്നതിന് മുമ്പ് പൂർത്തിയാക്കേണ്ടതാണ്. തുടർനടപടികൾ കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഭവനം പദ്ധതിയുടെ സ്പെഷ്യൽ ഓഫീസർ, അഡ്വൈസർ എന്നിവർ മേൽനോട്ടം വഹിച്ച് സർക്കാരിന് യഥാസമയം റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

സത്യകുമാർ . എസ്
ജോയിൻറ് സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്.
സ്പെഷ്യൽ ഓഫീസർ/ അഡ്വൈസർ ഭവനം പദ്ധതി,
അക്കൗണ്ടന്റ് ജനറൽ, (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.

**GOVERNMENT OF KERALA**
**(Shri. Pinarayi Vijayan Ministry)**
**Note for the meeting of the Council of Ministers**

| | | | |
|---|---|---|---|
| 1 | File No. | : | Rev-S1/50/2017/REV |
| 2 | Department | : | Revenue (S) Department. |
| 3 | Subject | : | Proposal for re-conveyance of 78.845 Cents (31.9 Ares) of Bought-in-land in Paravur village, Paravur Taluk, Ernakulam District to Sri. P. R. Kanthan, since the defaulter had remitted the entire amount of arrears and on the basis of the judgment of Hon'ble High Court of Kerala dated 14.03.2023 in WP(C)9014/2022, without realizing the market value, as a special case -Reg |
| 4 | Date of Chief Minister's order for placing before the Council | : | 27.08.2023 |
| 5 | (i) Does the case involve financial commitments/ implications | : | Yes. |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note. | | Yes. Remarks of Finance Department is incorporated. |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council ? | : | Yes, Remarks of Law Department is incorporated. |
| 7 | Name of Additional Secretary who submitted the Draft Note | : | Sri. Gopakumar R. L. |
| 8 | Name of Principal Secretary who approved the Draft Note | : | Smt. Tinku Biswal |
| 9 | Date of approval of the Draft Note for the Council by the Principal Secretary | : | 17.11.2023 |
| 10 | Name of Chief Secretary who approved the Draft Note | : | Dr. Venu V. |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 23.11.2023 |
| 12 | Name of Minister who approved the Draft Note | : | Sri. K. Rajan |
| 13 | Date of approval of the Draft Note for the Council by the Minister | : | 25.11.2023 |
| 14 | Date of submission of fair copies | : | 27.11.2023 |
| 15 | Date of decision by the Council of Ministers | : | |
| *16* | *Number and Date of G.O./letter communicating the decision* | : | |

## NOTE FOR THE MEETING OF THE COUNCIL OF MINISTERS

This note deals with the re-conveyance of 78.845 Cents (31.9 Ares) of land comprised in 24.500 Cents in survey No.346/2-1, 04.317 Cents in survey No.346/2-2, 15.653 Cents in survey No.346/2-3, 32 Cents in survey No.345/10-2 and 2.375 Cents in survey No.328/1-1 in Paravur village; which was taken over by Government as Bought-in-Land from Sri. P. R. Kanthan, Parassery Veedu, Parurthara Kara, Paravur Village, Paravur Taluk, Ernakulam District for the realization of Sales Tax and Toddy Workers Welfare Fund dues; to him at his own expenses, since he has remitted the entire amount of arrears and on the basis of the judgment of Hon'ble High Court of Kerala dated 14.03.2023 in WP(C)9014/2022.

**2.** The details of arrears is stated as below:

(i) Rs. 3,54,251/- (Rupees Three Lakh Fifty Four Thousand Two Hundred and Fifty One Only) towards <u>Sales Tax Arrears</u> of Sri. P. R. Kanthan.

(ii) Rs. 20,81,071/- (Rupees Twenty Lakh Eighty One Thousand and Seventy One Only) towards <u>Toddy Worker's Welfare Fund Arrears</u> of Sri. P. R. Kanthan and Sri. V. R. Vijayakumar.

**3. Action taken to recover the Arrears:**

(i) **Sales Tax Arrears:** Sri. Kanthan had submitted an appeal before Government against the recovery of sales tax dues and on the basis of Government order for remitting the arrears in installments he had remitted Rs. 9544/-(Rupees Nine Thousand five Hundred and Forty four only). Since he had not paid the balance amount in installments as per the order, revenue recovery procedure was initiated for recovering the sales tax dues and an extent of 44.470 Cents ( 17.99 Ares) of land comprised of 24.500 Cents in survey No. 346/2-1, 04.317 Cents in survey No. 346/2-2, and 15.653 Cents in survey No. 346/2-3 owned by him in Paravur village was attached. Since there were no bidders for auction, the said property was taken over as Bought-in-Land by Revenue Divisional Officer, Fort Kochi as per the order no. 464/04 dated 15.01.2005. After that an extent of 21.240 Cents of land comprising of 20.96 Cents in survey No.230/10 A2 and 0.280 square links in survey No. 230/10 A3, owned by the petitioner in Paravur Taluk, Vaddakekara village was attached and an amount of 2,02,857/- (Rupees Two Lakh Two Thousand Eight Hundred and Fifty-seven Rupees only) has been credited towards the sales tax dues by auctioning the same. **The remaining arrears of sales tax has been settled by the defaulter on 18.05.2019.**

(ii) **Toddy Worker's Welfare Fund Arrears**: For the realization of Toddy Worker's Welfare Fund dues, movable properties belonging to Sri. P. R. Kanthan and Sri. V. R. Vijayakumar were attached and an amount of Rs. 29,090/- (Rupees Twenty Nine Thousand and Ninety only) has been credited towards the dues by auctioning the property. After that an extent of 34.375 Cents of land comprising of 32 Cents in survey No.345/10-2 and 2.375 Cents in survey No.328/1-1 owned by Sri. P.R. Kanthan in Paravur village was attached. Since there were no bidders, the said property was taken over as Bought-in-Land by Revenue Divisional Officer, Fort Kochi as per order no. 6105/2003 dated 04.06.2004. Subsequently, the defaulter had paid an amount of Rs. 37,17,572/- ( Rupees Thirty Seven Lakh Seventeen Thousand Five Hundred and Seventy Two Only) including the outstanding dues, interest and connected charges on 15.10.2018 at Paravur Village Office under Amnesty Scheme on the basis of the letter No A5/RR/98-99/ALY/187-141 dated 24.09.2018 of the Inspector, Toddy Workers Welfare Fund Board, Ernakulam and **settled the entire amount of Toddy Workers Welfare Fund arrears**.

**4.** Sri. P. R. Kanthan had submitted applications dated 06.12.2021 before Government for the re-conveyance of Bought-in-Land. Sri. P. R. Kanthan also filed WP(C)9014/2022 before the

Hon'ble High Court of Kerala with prayers to give direction to expedite processing of the applications submitted by him. The Hon'ble Court disposed the writ petition on 14.03.2023 directing the Government to finalize the representations submitted by the petitioner within two months, after providing an opportunity of hearing to him. Government had filed a time extension petition before the Hon'ble High Court of Kerala for granting a further time period of 3 months for complying the above mentioned judgment.

**5.** Regarding the matter the Law Department offered the following remarks:

" *This file has been forwarded seeking opinion regarding re conveyance or return of bought in land on which the entire amount has already been paid. It is seen in the note file of AD that the petitioner has paid the entire amount of dues.The amount has been accepted by the sale tax officer. It was after five years from the date on which the land became bought in land . As per G O (Ms) 76/2013/REV bought in land cannot be returned after five years, but in this case the sale tax officer accepted the amount after five years and issued certificate. The general principle that one cannot aprobate and reprobate ,ie after accepting the amount one cannot say that there is delay and cannot return the property.*

*From this it is clear that AD shall return the property because the amount has already been accepted by the sale tax officer."*

**6.** Remarks of Finance Department in this case is as follows:

*" സർക്കാർ ബോട്ട് – ഇൻ –ലാൻഡാക്കിയ 78.845 സെന്റ് ഭൂമി ശ്രീ. പി. ആർ. കാന്തന് തിരികെ നൽകുന്ന വിഷയത്തിൽ ടിയാനെ നേരിൽ കേട്ടതിനു ശേഷം നിയമവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും WP(C)No.9014/2022 ഫയൽ ചെയ്ത കേസിലെ 14.03.2023–ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും ഭരണവകുപ്പിനു തന്നെ ഉചിതമായ തീരുമാനമെടുക്കാവുന്നതാണെന്നു അറിയിക്കുന്നു."*

**7.** On the basis of the judgment dated 14.03.2023 in WP(C)9014/2022, the Deputy Secretary, Revenue (S) Department heard the petitioner in person on 04.5.2023. The petitioner has requested to return the Bought-in-Land taken over by Government since he had remitted the entire amount of arrears. But as per the G.O.(MS)No. 76/2013/RD dated 01.03.2013, it is stipulated that the bought-in-land should not be returned to anyone, who submits application for the same, after 5 years from the date of confirmation of sale of the land. In this case the applicant has paid the amount and submitted the application after the stipulated period of 5 years.

**8.** The District Collector, Ernakulam reported that the estimated market value for the 78.845 cents (31.9 Ares) of bought – in – land property is Rs. 1,31,39,280/- (Rupees One Crore Thirty One Lakh Thirty Nine Thousand Two Hundred and Eighty Rupees only) and the applicant Sri. P. R. Kanthan is a partner of a bar and financially stable to pay the market value. The District Collector, Ernakulam and Labour and Skills (E) Department informed that no acquisition or sales have been taken place on the 12.95 Ares of land alloted from the Bought-in-Land for the Migrant Workers Welfare Fund Scheme as per the G.O(Rt)No. 2067/2013/Labour dated 21.12.2013.

**9.** In the above circumstance, when the file was circulated for orders regarding the re-conveyance of 78.845 Cents (31.9 Ares) of Bought-in-Land property comprised of 24.500 Cents in survey No.346/2-1, 04.317 Cents in survey No.346/2-2, 15.653 Cents in survey No.346/2-3, 32 Cents in survey No.345/10-2 and 2.375 Cents in survey No.328/1-1 in Paravur Village to Sri. P. R. Kanthan, without realizing the market value, since he had remitted the entire amount of Sales Tax and Toddy Worker's Welfare Fund arrears and on the basis of the judgment dated 14.03.2023 in WP(C)9014/2022 of Hon'ble High Court of Kerala, the Hon'ble Chief Minister ordered to place the matter before the Council of Ministers.

**10.** After that when the draft notes for the cabinet meeting was submitted for approval, Chief Secretary ordered as follows :

*“ അപേക്ഷകനായ കാന്തൻ ഒരു ബാറിന്റെ പാർട്ണറാണെന്നും കമ്പോളവില അടയ്ക്കുന്നതിന് നിലവിൽ സാമ്പത്തികസ്ഥിതിയുണ്ടെന്നും കമ്പോളവില അടയ്ക്കാൻ തയ്യാറാണോ അല്ലയോ എന്ന കാര്യത്തിൽ വക്കീലുമായി ആലോചിച്ച് സത്യവാങ്മൂലം നൽകാമെന്ന് അറിയിച്ചിരുന്നെങ്കിലും ആയത് നൽകിയിട്ടില്ലെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ കുറിപ്പിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ആയതിനാൽ അപേക്ഷകൻ കമ്പോളവില അടയ്ക്കാൻ തയ്യാറാണോ എന്ന കാര്യത്തിൽ വ്യക്തത വരുത്തി അക്കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി കരട് കുറിപ്പുകൾ ഭേദഗതി വരുത്തി സമർപ്പിക്കേണ്ടതും വിധി നടപ്പിലാക്കുന്നതിന് സമയം ദീർഘിപ്പിച്ചു നൽകുന്നതിന് ബഹു. ഹൈക്കോടതി മുൻപാകെ അപേക്ഷ സമർപ്പിക്കേണ്ടതുമാണ്.”*

**11.** Based on that, Government filed a time extension petition before the Hon’ble High Court of Kerala for granting a further time period of 2 months for complying the judgment dated 14.03.2023. A report was called from the District Collector, Ernakulam whether the applicant is willing to pay the market value. The District Collector made available the application submitted by Sri. Kanthan stating that the bought – in- land should be returned without realizing the market value since he had remitted the entire amount of arrears.

**12.** In a case of similar nature ( File No. Rev.H2/172/2020-Rev, Revenue (H) Department) regarding the re-conveyance of bought – in - land without realizing market price, the Law Department provided an opinion that the land should be returned without realizing the market price, since the petitioner has cleared the dues under the amnesty scheme, stating that it is the responsibility of the Government to return the bought – in - land.

**13.** As per the orders of the Hon'ble Chief Minister, the matter has to be submitted before the Council of Ministers.

## Point for Decision

Whether **a total extent of 78.845 Cents (31.9 Ares)** of land comprised of 24.500 Cents in survey No. 346/2-1, 04.317 Cents in survey No. 346/2-2, 15.653 Cents in survey No. 346/2-3, 32 Cents in survey No.345/10-2 and 2.375 Cents in survey No. 328/1-1 in Paravur village, which was taken over by Government as Bought-in-Land for the realization of arrears of Sales Tax and Toddy Worker's Welfare Fund, may be re-conveyed to Sri. P. R. Kanthan, Parassery Veedu, Parurthara Kara, Paravur Village, Paravur Taluk, Ernakulam District without realizing the market value, considering this as a special case, at the expense of the applicant since he has remitted the entire amount of arrears and

also on the basis of the judgment of the Hon'ble High Court of Kerala dated 14.03.2023 in WP(C)9014/2022, even though there is no provision for such re-conveyance after a lapse of 5 years from the date of confirmation of sale?

1130
1/3/13

# കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ് - റവന്യൂ റിക്കവറി - ബോട്ട്-ഇൻ-ലാൻറ് തിരികെ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ - പുതുക്കി നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (എച്ച്) വകുപ്പ്

സ.ഉ. (എം.എസ്) നമ്പർ. 76/13 /റവ. തിരുവനന്തപുരം, തീയതി: 01-03-2013.

പരാമർശം:- 1) സ.ഉ.(എം.എസ്) നം.578/റവ തീയതി 30-06-1965.
2) സ.ഉ.(എം.എസ്) നം.86/68/റവ തീയതി 09-02-1968.

## ഉത്തരവ്

പരാമർശം ഒന്നിലെയും രണ്ടിലെയും സർക്കാർ ഉത്തരവുകൾ പ്രകാരം, സർക്കാർ ബോട്ട്-ഇൻ-ലാൻറ് ആക്കി മാറ്റി ലേലം ഉറപ്പിച്ച ശേഷം രണ്ടു വർഷത്തിനകം മുഴുവൻ കുടിശ്ശികയും ഭൂമി ഏറ്റെടുത്ത നാൾ മുതൽ തിരികെ കൊടുക്കുന്നതു വരെയുള്ള ഭൂനികുതിയും, പലിശയും, കളക്ഷൻ ചാർജ്ജും മറ്റു ചെലവുകളും അടച്ചു തീർത്ത് അപേക്ഷിക്കുന്ന യഥാർത്ഥ ഉടമസ്ഥനോ, നിയമപരമായ അവകാശികൾക്കോ ഭൂമി തിരികെ കൊടുക്കാവുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു.

എന്നാൽ നിശ്ചിത കാലപരിധിയായ 2 വർഷത്തിനു ശേഷവും ബോട്ട്-ഇൻ-ലാൻറ് തിരികെ നൽകണം എന്നാവശ്യപ്പെട്ടുകൊണ്ടുള്ള ധാരാളം അപേക്ഷകൾ സർക്കാരിലേക്ക് ലഭിക്കുന്നുണ്ട്.

പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് ബോട്ട്-ഇൻ-ലാൻറ് തിരികെ നൽകുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ താഴെ പറയും പ്രകാരം പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ഭൂമി സർക്കാർ വാങ്ങിയ (bought-in) തീയതിമുതൽ രണ്ട് വർഷത്തിനുള്ളിൽ മുഴുവൻ കുടിശ്ശിക, കുടിശ്ശിക അടയ്ക്കുന്നതു വരെയുള്ള പലിശ, കളക്ഷൻ ചാർജ്ജ് എന്നിവ അടച്ച് തീർത്ത് അപേക്ഷിക്കുന്ന വർക്ക് ഭൂമി തിരികെ നൽകാവുന്നതാണ്.

ii) 2 വർഷത്തിനുശേഷം, 5 വർഷത്തിനകം കുടിശ്ശിക, പലിശ, കളക്ഷൻ ചാർജ്ജ് എന്നിവ അടച്ച ശേഷം അപേക്ഷിക്കുന്ന ഭൂരഹിതരായവർക്ക് 25 സെൻറ് സ്ഥലം വരെ തിരികെ

നൽകാവുന്നതാണ്. ഭൂരഹിതരായവർക്ക് 25 സെൻറിൽ കൂടുതൽ സ്ഥലം തിരികെ വേണമെന്നുണ്ടെങ്കിൽ മുഴുവൻ കുടിശ്ശിക, പലിശ, കളക്ഷൻ ചാർജ്ജ് എന്നിവ കൂടാതെ മുഴുവൻ സ്ഥലത്തിൻെറയും കമ്പോളവില കൂടി അടച്ചാൽ 1 ഏക്കർ സ്ഥലം വരെ തിരികെ നൽകാവുന്നതാണ്.

iii) 2 വർഷത്തിനു ശേഷം 5 വർഷത്തിനകം അപേക്ഷിക്കുന്ന സ്വന്തമായി ഭൂമിയുള്ളവർക്ക് മുഴുവൻ കുടിശ്ശിക, പലിശ, കളക്ഷൻ ചാർജ്ജ് എന്നിവ കൂടാതെ ഭൂമിയുടെ കമ്പോളവില കൂടി അടച്ചാൽ 1 ഏക്കർ ഭൂമി വരെ തിരികെ നൽകാവുന്നതാണ്.

iv) 5 വർഷത്തിനുശേഷം അപേക്ഷിക്കുന്ന ആർക്കും തന്നെ ബോട്ട്-ഇൻ- ലാൻറ് തിരികെ നൽകേണ്ടതില്ല.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ടി.ഒ. സൂരജ്
സെക്രട്ടറി (ഇൻ ചാർജ്ജ് )

1) ലാൻറ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം..
2) എല്ലാ ജില്ലാ കളക്ടർമാർക്കും.
3) അക്കൗണ്ടൻറ് ജനറൽ (എ & ഇ/ ഓഡിറ്റ്), തിരുവനന്തപുരം.
4) രജിസ്ട്രാർ, കേരളഹൈക്കോടതി } (ആമുഖ കത്തു സഹിതം)
5) സെക്രട്ടറി, കേരളനിയമസഭ
6) പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം (പ്രകാരം)
7) വിവര പൊതുജനസമ്പർക്ക വകുപ്പ്
8) ഡയറക്ടർ, വെബ് &ന്യൂ മീഡിയ ഡിവിഷൻ
വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
9) ധനകാര്യ വകുപ്പ്
10) റവന്യൂ (എസ്സ്) വകുപ്പ്
11) ഓഫീസ് കോപ്പി 12) സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം അയയ്ക്കുന്നത്

സെക്ഷൻ ആഫീസർ

കേരള സർക്കാർ

സംഗ്രഹം

തൊഴിലും പുനരധിവാസവും വകുപ്പ് - കുടിയേറ്റ തൊഴിലാളി ക്ഷേമനിധി പദ്ധതി - സ്ഥലം ഏറ്റെടുക്കുന്നതിന് ഭവനം പദ്ധതിയുടെ സ്പെഷ്യൽ ഓഫീസറെയും & അഡ്വൈസറെയും ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

സ. ഉ. ( സാധാ) 2067/2013/ തൊഴിൽ തിരുവനന്തപുരം, തീയതി, 21.12.2013.

---

പരാമർശം:- (1) 23.10.2013 ലെ സ.ഉ (സാധാ) 1800/2013/തൊഴിൽ നമ്പർ ഉത്തരവ്.
(2) 05.11.2013 ല കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡുമായി നടത്തിയ യോഗത്തിന്റെ നടപടിക്കുറിപ്പ്.
(3) 25.11.2013 ൽ ചേർന്ന കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 541-ാമത് ബോർഡ് യോഗതീരുമാനം.

## ഉത്തരവ്

കുടിയേറ്റ തൊഴിലാളികളുടെ പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിനായി ഭൂമി വാങ്ങുന്നതിന് ഭരണാനുമതി നൽകിക്കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. അതിനു തുടർച്ചയായി 05.11.2013 ൽ ചേർന്ന യോഗത്തിൽ, ആവശ്യമായ ഭൂമി തങ്ങളുടെ പക്കൽ ലഭ്യമാണ് എന്ന് കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിക്കുകയുണ്ടായി. ടി പദ്ധതിയ്ക്കുവേണ്ടി കൈമാറ്റം ചെയ്യുന്ന വസ്തുക്കളിന്മേൽ നിയമാനുസരണമുള്ള മുതലും പലിശയും പിഴപലിശയും ഉൾപ്പെടെയുള്ള തുക സർക്കാരിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് ടി വസ്തുക്കളെ സർക്കാരിലേയ്ക്ക് കൈമാറാവുന്നതാണ് എന്ന് 25.11.2013 ന് ചേർന്ന കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 541-ാമത് ബോർഡ് യോഗം തീരുമാനമെടുത്തിട്ടുള്ള വിവരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടിയേറ്റ തൊഴിലാളികളുടെ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനോ, ഭവനം പദ്ധതിയുമായി ബന്ധപ്പെട്ട് ഉപയോഗിക്കുന്നതിനോ താഴെപ്പറയുന്ന സ്ഥലങ്ങൾ ഏറ്റെടുക്കാവുന്നതാണ് എന്ന് തീരുമാനമാകുകയും ചെയ്തു

| | |
|---|---|
| കഴക്കൂട്ടം | - 45 സെന്റ് |
| പറവൂർ | - 34 സെന്റ് |
| കരിപ്പൂര് | - 2.34 ഏക്കർ |
| മൂവാറ്റുപുഴ | - 1.61 ഏക്കർ |
| കൊടുങ്ങല്ലൂർ | - 1.64 ഏക്കർ |
| വെങ്ങാനൂർ | - 3.95 ഏക്കർ |

പ്രസ്തുത സ്ഥലങ്ങളിൽ യോഗ്യമായവ തെരഞ്ഞെടുത്ത് കുടിയേറ്റ തൊഴിലാളി പുനരധിവാസത്തിനും ബാക്കിയുള്ളവ തോട്ടം തൊഴിലാളി പുനരധിവാസത്തിനും (ഭവനം പദ്ധതി) വേണ്ടി ഉപയോഗിക്കുന്നതിനും അതിന്റെ നിശ്ചിത തുക കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകുന്നതിനും, സ്ഥലം ഏറ്റെടുക്കുന്നതിനും 'ഭവനം' പദ്ധതിയുടെ സ്പെഷ്യൽ ഓഫീസറെയും അഡ്വൈസറെയും ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടു-

...ിക്കുന്നു. പ്രസ്തുത നടപടികൾ 'നൈപുണ്യം ഉച്ചകോടി" ആരംഭിക്കുന്നതിന് മുമ്പ് പൂർത്തിയാക്കേണ്ടതാണ്. തുടർനടപടികൾ കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഭവനം പദ്ധതിയുടെ സ്പെഷ്യൽ ഓഫീസർ, അഡ്വൈസർ എന്നിവർ മേൽനോട്ടം വഹിച്ച് സർക്കാരിന് യഥാസമയം റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

സത്യകുമാർ . എസ്
ജോയിൻറ് സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്.
സ്പെഷ്യൽ ഓഫീസർ/ അഡ്വൈസർ ഭവനം പദ്ധതി,
അക്കൗണ്ടന്റ് ജനറൽ, (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.